3 (*238) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപരിപാടികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ഫിഷറീസ് വകുപ്പിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പകരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാറുണ്ടോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് പ്രത്യേകം ഫിഷർമെൻ സെറ്റിൽമെന്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഫിഷർമെൻ സെറ്റിൽമെന്റിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രത്യേകം പദ്ധതി നടപ്പിലാക്കുമോ;

(എഫ്) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രത്യേക ക്രഷുകളും ബാലവാടികളും ആരംഭിക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയും പത്താം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരവും രണ്ട് മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഇതിനായി പ്രത്യേകം ധനസഹായം നൽകുന്നില്ല. എന്നാൽ, ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് ഇവർക്ക് മുൻഗണന നൽകി വരുന്നുണ്ട്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) ഇക്കാര്യത്തിനായി തീരജ്യോതി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) ഇക്കാര്യത്തിനായി പത്താം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരമുള്ള കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കി വരുന്നു.

(എഫ്) ഇക്കാര്യം പരിഗണനയിലില്ല

ശ്രീ. ജോൺ ഫെർണാണ്ടസ് : രണ്ട് പദ്ധതികൾ പ്രകാരമാണ് മത്സ്യത്തൊഴിലാളികൾക്ക് വീട് നൽകുന്നത് എന്നു പറഞ്ഞു. ഈ പദ്ധതിപ്രകാരം ഇപ്പോൾ എത്ര രൂപയാണ് ഒരു മത്സ്യത്തൊഴിലാളിക്ക് വീട് വയ്ക്കാൻ നൽകു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : 35,000 രൂപ വീതമാണ് ഒരു മൽസ്യത്തൊഴിലാളിക്ക് വീടുവയ്ക്കാൻ ഈ രണ്ട് പദ്ധതിപ്രകാരം അനുവദിക്കുന്നത്. ഇതിനൊരു കമ്മിറ്റിയുണ്ട്. ജില്ലാ കളക്ടർ ചെയർമാനും അതുപോലെ എം.പി. മാരും എം.എൽ.എ.മാരും അംഗങ്ങളായിട്ടുള്ള ഒരു സമിതിയാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. ഫിഷറീസ് ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ ഈ സമിതിയിലെ കൺവീനറാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : തീരജ്യോതി എന്ന നിലയിൽ വീടുകൾ വൈദ്യുതീകരിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പണം വൈദ്യുതി ബോർഡിന് അടച്ചിട്ടുണ്ട്. വയറിംഗ് കഴിഞ്ഞ് നിരവധി വീടുകൾക്ക് ഇപ്പോൾ കണക്ഷൻ കിട്ടിയിട്ടില്ലഎന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അത് അടിയന്തിരമായി ഒരു മാസത്തിനുള്ളിലെങ്കിലും കൊടുത്തുതീർക്കുന്നതിനെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി ചർച്ച ചെയ്യാൻ തയ്യാറുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ലൈൻ വലിക്കുന്ന കാര്യത്തിലും കണക്ഷൻ കിട്ടുന്ന കാര്യത്തിലും മുൻഗണന ഈ പദ്ധതിപ്രകാരമുള്ള വീടുകളുടെ കാര്യത്തിൽ കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡിൽനിന്നുതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : ധനകാര്യ കമ്മിഷൻ അവാർഡു പ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിന് എത്ര രൂപ ചെലവായി എന്നും വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ആകെ 45 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. ഇത് 12,857 വീടുകൾക്കാണ്. ഓരോ കൊല്ലത്തിലും ചെലവുചെയ്ത കണക്കെന്നുപറയുന്നത്, 96-97-ൽ 3 കോടി രൂപ, 97-98-ൽ 6 കോടി രൂപ, 98-99-ൽ 6 കോടി രൂപ, 99-2000-ാം ആണ്ടിൽ 6 കോടി രൂപ. ഇത് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ ഉള്ളതാണ്. 10-ാം ധനകാര്യ കമ്മിഷന്റെ സഹായത്തോടെ 97-98-ൽ 7.5 കോടി രൂപ, 98-99-ൽ 9 കോടി രൂപ, 99-2000-ാം ആണ്ടിൽ 7.5 കോടി രൂപ. അങ്ങനെ ആകെ 45 കോടിരൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫിഷറീസ് റോഡുകൾ ഏറ്റെടുത്തു എന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിപ്രകാരം ഏറ്റെടുത്ത ചില റോഡുകളുടെ നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 127 ഫിഷറീസ് റോഡുകളുടെ പണി ഏറ്റെടുത്തു. ഇനി തുടങ്ങാനുള്ള റോഡുകളുടെ പണി ഏറ്റെടുക്കാൻ സപ്ലിമെന്ററി ഡിമാന്റിൽ 2.6 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. പണി ഇപ്പോൾ മുഴുവൻ പൂർത്തിയായിട്ടില്ല. ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. പേമെന്റ് വച്ചുകഴിഞ്ഞിട്ടുള്ള ചില പണികൾ നടന്നിട്ടില്ല എന്നുള്ള പരാതി ഈ സെഷൻ തുടങ്ങിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ലഭിച്ചിട്ടുണ്ട്. അതേപ്പറ്റി അന്വേഷിച്ച് വേണ്ടതു ചെയ്യുമെന്ന് മെമ്പർക്ക് മറുപടി കൊടുത്തിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള വീടുകളിലൊക്കെ ഇപ്പോൾ പണി പൂർത്തിയായോ; എങ്കിൽ അത് എത്ര എന്ന കാര്യം വെളിവാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ദേശീയ മത്സ്യത്തൊഴിലാളി നിധിയുടെ സഹായത്തോടെ അനുവദിച്ച 6853 വീടുകളിൽ 3792 എണ്ണം ഇതിനകം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളത് വിവിധ ഘട്ടങ്ങളിൽ ജോലി നടന്നുവരി കയാണ്. 10-ാം ധനകാര്യ കമ്മിഷന്റെ സഹായത്തോടെ അനുവദിച്ച 6856 വീടുകളിൽ 3788 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അങ്ങനെ ആകെ 7580 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ. ടി.കെ. ബാലൻ : മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ വേണ്ടി ഇന്ന് അനുഭവപ്പെടുന്ന പ്രധാനപ്പെട്ട ഒരു വിഷമം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലാന്റ് അസൈൻമെന്റ് കമ്മിറ്റി തന്നെ ഇവർക്ക് പട്ടയം കൊടുക്കാൻ തീരുമാനിച്ചാലും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു എൻ.ഒ.സി. കിട്ടണം. ആ എൻ.ഒ.സി. കിട്ടുന്നതിന് വളരെ കാലതാമസം വരു ത്തുകയാണ്. അതുകൊണ്ടുതന്നെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിക്കാൻ സാധിക്കുന്നില്ല. ഇക്കാര്യം അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇന്നലെ റവന്യൂ വകുപ്പുമന്ത്രി ഇവിടെ തന്നെ മറുപടി പറഞ്ഞുകഴിഞ്ഞു. ഞങ്ങൾ രണ്ടു കൂട്ടരുംകൂടി 29-ാം തീയതി പട്ടയം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചുകൂ ട്ടിയിട്ടുണ്ട്. അവർക്ക് പട്ടയം കിട്ടുന്നതിന് കൃഷി ഡിപ്പാർട്ടുമെന്റ് തടസ്സം നിൽക്കുന്നുവെന്നും അല്ലെങ്കിൽ വേണ്ടത്ര പ്രോത്സാഹനം കൊടുക്കുന്നില്ല എന്നുമുള്ള പരാതി എനിക്ക് ലഭിക്കുകയുണ്ടായി. അത് പരിഹരിക്കാൻ അടി യന്തിരമായ നടപടികൾ എടുത്തിട്ടുണ്ട്. വീണ്ടും അതിനുവേണ്ടി ഒരു കോൺഫറൻസ് ഡിപ്പാർട്ടുമെന്റ് വിളിച്ചുകൂട്ടുന്നുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : ലേബർ ചാർജ്ജും മെറ്റീരിയൽ കോസ്റ്റും വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ഇന്ന് ഭവനനിർമ്മാണത്തിന് നൽകി വരുന്ന 35,000 രൂപ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രത്യേക പണം കൊടുക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കൂടുതൽ വീടുകൾ കൊടുക്കണമെന്നു ള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. അതുകൊണ്ട് ഈ തുക തൽക്കാലം വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. രണ്ട് ഏജൻസികൾക്കുംകൂടി നമുക്കു കിട്ടുന്ന തുകയാണിത്.

ശ്രീ. എ. അലി ഹസ്സൻ : കഴിഞ്ഞ ഗവൺമെന്റിന്റെ 5 വർഷക്കാലയള വിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചി ട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നരവർഷം കൊണ്ട് എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമായ കണക്കുകൾ രേഖപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഓരോ ഗവൺമെന്റിന്റെ കാലത്തും എത്ര അനുവദിച്ചു എന്നുള്ളതിന്റെ കണക്ക് ഇപ്പോൾ കൈയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി വർഷങ്ങൾക്കുമുമ്പ് കോളനികളിൽ അനുവദിച്ച ഒട്ടനേകം വീടുകൾ റിപ്പയർ ചെയ്യാതെ നാശമായി കിടക്കുകയാണ്. പുതിയ പദ്ധതികൾ വരുമ്പോഴും അതിനെ പ്രത്യേകമായി പരിഗണിക്കുന്നില്ല. കോളനികളിൽ ജീർണ്ണിച്ചുകിടക്കുന്ന വീടുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഏത് കോളനികളാണ് മെമ്പർ ഉദ്ദേശിച്ചത് എന്ന് അറിയില്ല. ഫിഷറീസ് കോളനികളാണെങ്കിൽ ഇപ്പോൾ അതിനു വകുപ്പില്ല.

ശ്രീ. സി.കെ. നാണു : ഫിഷർമെൻമാർക്ക് വീടുകൾ അനുവദിച്ചതിൽ പഞ്ചായത്തുകളിൽനിന്നും മുനിസിപ്പാലിറ്റികളിൽനിന്നും നമ്പർ ലഭിക്കാത്തതിന്റെ ഫലമായി ഗവൺമെന്റിൽനിന്നോ മറ്റു മേഖലകളിൽനിന്നോ വീടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു സഹായവും ലഭിക്കാതെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. എന്നു പറഞ്ഞാൽ തീരദേശത്തിന്റെ പ്രശ്നത്തിന്റെ പേരിൽ വീടുകൾക്ക് പഞ്ചായത്തിൽനിന്ന് ഔദ്യോഗികമായി അംഗീകാരം ലഭിക്കുന്നില്ല. ഇതിന്റെ കാരണം എന്താണ്?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കമ്മിറ്റികൾ കൂടാതെ വരുന്നതിന്റെ ഫലമായി ചില ജില്ലകളിൽ ഈ നടപടികൾ പൂർത്തിയാക്കാതിരുന്നു എന്ന പരാതി കിട്ടിയിട്ടുണ്ട്. അടിയന്തിരമായി കമ്മിറ്റി കൂടാനും, കൂടാൻ നടപടിയെടുക്കാത്ത ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. രാജു : മത്സ്യത്തൊഴിലാളി ക്ഷേമത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള മത്സ്യഫെഡിന്റെ കീഴിലുള്ള ക്ഷേമ സംഘങ്ങളിൽ കിട്ടിയിട്ടുള്ള അപേക്ഷകളിൽ തീരുമാനം എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? എത്ര അപേക്ഷകൾ ഇപ്പോൾ മത്സ്യഫെഡിൽ ലഭിച്ചിട്ടുണ്ട്? ഈ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സം ഉണ്ടോ? മത്സ്യഫെഡിന്റെ നിയമാവലി ഇതിനെ സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : എത്ര അഫിലിയേഷൻ കൊടുത്തു എന്നതിന്റെ വ്യക്തമായ കണക്ക് ഇപ്പോൾ എന്റെ കൈയിൽ ഇല്ല.

ശ്രീ. പി.കെ. അബ്ദുറബ്ബ് : മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിയിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന ക്വാട്ടയിൽ മലപ്പുറം ജില്ലയിൽ ആവശ്യത്തിലധികം അപേക്ഷകൾ ഉണ്ട്. മറ്റു പല ജില്ലകളിലും ആവശ്യത്തിന് അപേക്ഷകൾ ഇല്ലായെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. അപേക്ഷകൾ ഇല്ലാത്ത ജില്ലയിലെ അത്രയും എണ്ണംകൂടി മലപ്പുറം ജില്ലയ്ക്ക് അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ജനസംഖ്യ അനുപാതത്തിലാണ് ഇത് നിർണ്ണയിക്കുന്നത്. അതുകൊണ്ട് ഒരു ജില്ലയിൽ കൂടുതലോ കുറവോ എന്നുള്ളത് അവിടുത്തെ ജനസംഖ്യയെ ആസ്പദമാക്കിയുള്ളതാണ്. അപ്പോൾ ഒരു ജില്ലയിലുള്ളത് മറ്റൊരു ജില്ലയ്ക്ക് വിട്ടുകൊടുക്കാൻ നിർവ്വാഹമില്ല. ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ളതിനു മാറ്റം വരുത്താൻ പറ്റില്ല. ആ സമ്പ്രദായത്തിന് മാറ്റം വരുത്തിയാലേ പറ്റുകയുള്ളൂ.

ശ്രീ. പി. വിശ്വൻ : ഫിഷറീസ് വകുപ്പിൽനിന്നും തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ശുദ്ധജലം ലഭിക്കാൻ നിരവധി പദ്ധതികൾ ഈ സർക്കാർ പ്രാവർത്തികമാക്കിയിട്ടുണ്ട്. ലക്ഷക്കണക്കിനു രൂപ അതിനുവേണ്ടി കൊടുത്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്ന കാര്യത്തിൽ എത്രത്തോളം മുന്നോട്ടുപോയി എന്നുള്ളതിന്റെ ഒരു കൃത്യത സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഈ പണം പലപ്പോഴും ത്രിതല പഞ്ചായത്തുകൾക്കും വാട്ടർ അതോറിട്ടിക്കും ഹാർബർ എൻജിനീയറിംഗിനുമൊക്കെ മാറിമാറി കൊടുത്ത് മോണിട്ടറിംഗ് നടത്താത്തതുകൊണ്ടുതന്നെ ആ പണം വേണ്ടതുപോലെ ചെലവാകുന്നില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : 76 പഞ്ചായത്തുകൾക്കാണ് ഇപ്പോഴുള്ള തുക വിതരണം ചെയ്യാൻ കൊടുത്തിട്ടുള്ളത്. പഞ്ചായത്തുകളിൽ ഇതിന് സാങ്കേതികസൗകര്യം ഇല്ലാത്തതിന്റെ ഫലമായി പഞ്ചായത്തുകൾ ഇത് വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിട്ടിക്കും അതുപോലെ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനും തുക ഏൽപ്പിച്ച് അവർവഴി ഇതു നടത്താനുള്ള ഏർപ്പാട് ഉണ്ടാക്കുമെന്നാണ് ഇപ്പോൾ അറിയിച്ചിട്ടുള്ളത്. 76 പഞ്ചായത്തുകൾ കഴിഞ്ഞ് കൂടുതൽ പഞ്ചായത്തുകൾക്ക് തുക കൊടുക്കാൻ തയ്യാറാണ്. സാങ്കേതികസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് അവർക്ക് ഇതു നടത്താൻ പറ്റുന്നില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 239

4 (*239) ദേശീയപാതകളുടേയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും വികസനത്തിന് തടസ്സമാകുന്ന നിർമ്മാണ ചട്ടങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടേയും പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളുടേയും വികസനത്തിന് തടസ്സമാകുന്ന തരത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാതകളിൽനിന്നും പി.ഡബ്ല്യു.ഡി. റോഡുകളിൽ നിന്നും നിശ്ചിത അകലം പാലിച്ചുകൊണ്ടാണ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ പി.ഡബ്ല്യു.ഡി. സ്വന്തം നിലയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അയവ് വരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച പുതിയ ഉത്തരവ് പി.ഡബ്ല്യു.ഡി. റോഡുകളുടേയും ദേശീയ പാതകളുടേയും വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പ്രസ്തുത ചട്ടങ്ങളിലെ അപാകത നീക്കം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly